104/NSS/DHSE/2019

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർ സെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
07/08/2019

**സർക്കുലർ**

വിഷയം :- എൻ എസ് എസ് പ്രവർത്തനങ്ങൾ ഒന്നാംഘട്ട മോണിറ്ററിംഗ് - സംബന്ധിച്ച്

2019-20 അദ്ധ്യയനവർഷത്തെ എൻ എസ് എസ് പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ട മോണിറ്ററിംഗ് 2019 ആഗസ്റ്റ് 31 നു മുൻപ് മുഴുവൻ ജില്ലകളിലും നടത്തേണ്ടതാണ്. പ്രോഗ്രാം ഓഫീസർമാർ അതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ രേഖകളും കൃത്യമായ രേഖപ്പെടുത്തലുകളോടുകൂടി എല്ലാ രജിസ്റ്ററുകളും ആഗസ്റ്റ് 30 വെള്ളിയാഴ്ച ഏകദിന മോണിറ്ററിംഗിനു ഹാജരാക്കണം. ജില്ലാ കൺവീനർമാർ 5-9-2019 ന് 5 മണിക്കുമുമ്പായി ഹയർ സെക്കണ്ടറി എൻ എസ് എസ് സെല്ലിൽ മോണിറ്ററിംഗ് സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് നൽകേണ്ടതാണ്.

പ്രവർത്തനങ്ങളിലും രേഖപ്പെടുത്തലുകളിലും അപാകതകൾ പരിഹരിക്കാൻ 15 ദിവസം അനുവദിക്കുന്നതാണ്. പ്രവർത്തനങ്ങളിലോ രജിസ്റ്റർ രേഖപ്പെടുത്തലുകളിലോ അപാകതകളുള്ള യൂണിറ്റുകളുടെ വിവരം പ്രത്യേകമായി എൻഎസ്എസ് സെല്ലിൽ നൽകേണ്ടതാണ്. ടി വിവരങ്ങൾ അതാതു യൂണിറ്റുകളുടെ ഇൻസ്പെക്ഷൻ ഡയറിയിൽ ഡി സി/ പി എ സി മാർ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം .

എൻ എസ് എസ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്നും അവ നിയമാനുസൃതം രേഖപ്പെടുത്തുന്നുണ്ടെന്നും, അങ്ങനെയുള്ള യൂണിറ്റുകളിലെ വോളന്റിയർമാർക്ക് മാത്രമേ ആനുകൂല്യങ്ങൾ നൽകുന്നുള്ളുവെന്നും എല്ലാ ഡി സി / പി എ സി മാരും ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ